# G.H.S.S,CHERUNNIYOOR



# വർണ്ണപ്പൊട്ടുകൾ

# <u>സന്ദേശം</u>

വിവരസാങ്കേതിക വിദ്യയുടെ പ്രപഞ്ചത്തിലേക്ക് കടന്നുവരുന്ന ലിറ്റിൽ കൈറ്റ് അംഗങ്ങൾ സമർപ്പിക്കുന്ന പുതിയ ഡിജിറ്റൽ മാഗസിൻ 2019–2020– "വർണപൊട്ടുകൾ"

എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ ,വിശിഷ്യാ ഇവരെ ഈ ഉദ്യമത്തിനു പ്രാപ്തരാക്കിയ അധ്യാപകർക്ക് ആശംസകളും അഭിവാദ്യങ്ങളും .

ഹെഡ് മിസ്ട്രസ്
ബീന ബി

# എഡിറ്റോറിയൽ

പൊതുവിദ്യാഭാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ ഭൂരിഭാഗം സ്കൂളുകളിലും ഐ ടി ക്ലബ് അതായത് ലിറ്റൽ കൈറ്റ്സ് ക്ലബ് പ്രവർത്തിച്ചുപോരുന്നു .
കുട്ടികളിൽ വിവരസാങ്കേതിക വിദ്യയിൽ താല്പര്യവും പ്രാവീണ്യവും ഉണ്ടാക്കുക എന്നതാണ് ഈ ക്ലബ് കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത് .ജി .എച്ച് .എസ് .എസ് ,ചെറുന്നിയൂർ സ്കൂളിന്റെ ഈ വർഷത്തെ ലിറ്റിൽ കൈറ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ ഇവിടെ ലോകത്തിനു വേണ്ടി സമർപ്പിക്കുന്നു .ഞങ്ങളുടെ കൂട്ടുകാരുടെ സൃഷ്ടികളും സർഗവാസനകളെ ഉണർത്തുവാൻ ഈ മാഗസീനാൽ കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്.
ഇതിനു സഹകരിച്ച എല്ലാ മനസുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു .

## നന്ദി

## ഉള്ളടക്കം

ഒററപ്പെടുത്തുന്ന ഓർമ്മകൾ......5
ദശപുഷ്പങ്ങളെ അറിയാൻ.... ......6
വായനകുറിപ്പ്......11
പുതുമഴ......12
കണ്ണീർത്തുള്ളികൾ......13
ഗാന്ധിജിയുടെ ഉദ്ധരണികൾ. . . . ......14
കേരളത്തിലെ ആദ്യത്തെ. . . . . ......16
പൗരത്വ ഭേദഗതി ആക്ക്, 2019......18
Keralam,Gods own Country......20
Why Old Is Gold?......21

# ഒററപ്പെടുത്തുന്ന ഓർമ്മകൾ

ചിലനിമിഷങ്ങൾ നമ്മൾ മറന്നുപോയാൽ
മിഴികൊണ്ടുമാത്രമായ് ഓർത്തെടുക്കാം..
ഓർത്തെടുക്കാൻ ശ്രമിക്കുന്ന നേരം
ഓർമ്മകൾ നമ്മെ ഒററപ്പെടുത്തുന്നു
ഒററപ്പെടുത്തുന്ന നിമിഷങ്ങളോർത്തുനാം
ദു.ഖിതരായി തീരുമല്ലോ.......
ദുഖിതരാകുന്ന നേരത്തുനാം
മരണത്തിലേയ്ക് നടന്നുപോകാം.......



നന്ദു. എസ് (9 B)

# ദശപുഷ്പങ്ങളെ അറിയാൻ......

1.മുക്കുറ്റി



2.നിലപ്പന



3.തിരുതാളി



**4.ഉഴിഞ്ഞ**



**5.ചെറൂള**



**6.കറുക**



7.വിഷ്ണുക്രാന്തി



8.പൂവാംകുറുന്തൽ



**9.മുയൽച്ചെവിയൻ**



**10.കയ്യോന്നി**



മീനാക്ഷി.എം.എൽ (9 B)

# വായനകുറിപ്പ്




**കൃതിയുടെ പേര്: നളിനി** **രചയിതാവ്: കുമാരനാശാൻ**

**കുമാരനാശാന്റെ പ്രശസ്തമായ കൃതികളിൽ ഒന്നാണ് –നളിനി .ഈ കഥയിലെ രണ്ടു കഥാപാത്രമാണ് നളിനിയും ദിവാകരനും .**
**നളിനിയും ദിവാകരനും ഉറ്റസുഹൃത്തുക്കളായിരുന്നു .ഈ കഥ നാടകീയമായ മുഹൂർത്തങ്ങളോടെയാണ് ആരംഭിക്കുന്നതു .**
**നാടകത്തിലെ പോലെ കഥാപാത്രങ്ങളുടെ മുൻകാലജീവതം വളരെ ദൃശ്യാത്മകമായി വിവരിക്കാൻ കഥാകാരൻ ശ്രദ്ധിച്ചിരിക്കുന്ന കാര്യം എടുത്തുപറയേണ്ടതാണ് .**
**കുമാരനാശാൻ നളിനി എന്ന കൃതിയിലൂടെ പരസ്പര സ്നേഹത്തെയും ഇതിനെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളാണ് ഈ കഥയിലുടനീളം വിവരിക്കുന്നത് .**
**നളിനിയുടെ സ്നേഹത്തെ തിരിച്ചറിയാതെ പോകുന്ന ദിവാകരൻ തീരുമാനിച്ചത് സന്യാസിയാകണമെന്നാണ് .നളിനിയുടെ സ്നേഹം ദിവ്യമാണെന്നും അറിഞ്ഞിട്ടും നളിനിക്ക് കല്യാണം ഉറപ്പിച്ചതിന്റെ വിഷമത്തിൽ നളിനി ആത്മഹത്യക്ക് ശ്രേമിക്കുമ്പോൾ ദിവാകരൻ വന്നു രക്ഷിക്കുകയും ദിവാകരനോട് തന്റെ മനസിലുള്ള പ്രണയം തുറന്നുപറയുകയും ചെയ്യുന്നു.ഈ വിവരം അറിഞ്ഞ ദിവാകരൻ അത് വിസമ്മതികുന്നു .**
**ഈ കഥയുടെ അവസാനനിമിഷത്തിൽ ദിവാകരൻ നളിനിയുടെ പ്രണയം അംഗീകരിക്കുന്നു അതേസമയം നളിനി മരിക്കുകയും ചെയുന്നു .നളിനി എന്ന കഥാപാത്രത്തെ കുമാരനാശാൻ ഉടനീളം എടുത്തുപറയുന്നു .നളിനിയുടെ ഈ പരിശുദ്ധാസ്നേഹമാണ് ഈ കൃതിയുടെ ഉള്ളടക്കം .** **അനശ്വര.വി .എസ് (10 A)**

# പുതുമഴ

പുതുമഴ  താളത്തിൽ ചുവടൊന്നു വയ്കുവാൻ
കൊതിയോടെ കാത്തൊരു പൂമയിൽ നീ,
വർണ്ണമാം പീലികൾ ചിക്കിയൊതുക്കി
മഴയെ വരവേല്കാൻ കാത്തിരുന്നു,



ഒടുവിലാ പുതുമഴ താളത്തിൽ പെയ്യവെ..
ചേലോടെ നൃത്തം കളിച്ചല്ലോ..നീ.
മഴയുടെ താളം അതിശീഘ്രത്തിൽ മാറി..
പുതുമഴ പെരുമഴയായി...പിന്നെ..

ഭീതിയിൽ പാറിപ്പറന്നു നീ പൊങ്ങുമ്പോൾ.
തെല്ലൊന്നു താഴേയ്ക് നോക്കീടേണേ......
ഒരുനാടിനെയാകെ വെള്ളത്തിലാക്കിയാ......
പ്രളയമഴയുടെ  നൃത്തം കാണാം.....

അപർണ്ണ.എസ്സ്
9.B


# കണ്ണീർത്തുള്ളികൾ



കരയാതെ കരയുന്ന നിമിഷങ്ങൾ
ഓർത്തുനീ
കരയല്ലെ എൻ സ്നേഹപ്പൊന്നേ.......
കൺമണിയെ കണ്ണിൽ കണ്ണീരൊപ്പുനീ....
എത്ര കരഞ്ഞാലും എത്ര തളർന്നാലും
നിൻ കണ്ണീരുകാണുവാനാരുമില്ല....
ദൂരെയാണെങ്കിലും എന്നുമെൻ
ആത്മാവ് നിനക്കായിമാത്രം തേങ്ങുമല്ലോ..

നന്ദു.എസ്(9 B)

# ഗാന്ധിജിയുടെ ഉദ്ധരണികൾ. . . . .



- ഓരോ വീടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ അദ്ധ്യാപകരും.
- നിർമലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല .
- എന്റെ ജീവിതം തന്നെ എന്റെ സന്ദേശം .
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

- ഓരോ  വീട്ടും ഓരോ വിദ്യാലയമാണ്  മാതാപിതാക്കൾ അദ്ധ്യാപകരും.
- RASNA .R (8 A



# കേരളത്തിലെ ആദ്യത്തെ. . . . . .

- കേരളത്തിലെ ആദ്യ വനിതാ മന്ത്രി?
- ഉത്തരം : കെ. ആർ. ഗൗരിയമ്മ .

- കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല?
- ഉത്തരം : തിരുവനന്തപുരം പബ്ലിക് ലൈബ്രറി.

കേരളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ?

- ഉത്തരം : ഇന്ദുലേഖ

കേരളത്തിലെ ആദ്യത്തെ ഡീസൽ വൈദ്യുത പദ്ധതി?

- ഉത്തരം : ബ്രഹ്മപുരം

- കേരളത്തിൽനിന്ന് ഇന്ത്യയുടെ കേന്ദ്രകാബിനറ്റിലെത്തിയ ആദ്യത്തെ മലയാളി?

ഉത്തരം : ഡോ. ജോൺ മത്തായി

- കേരളത്തിലെ ആദ്യത്തെ മലയാളി കർദ്ദിനാൾ?
- ഉത്തരം : കർദ്ദിനാൾ ജോസഫ്

- പറേക്കാട്ടിൽകേരളത്തിലെ ആദ്യത്തെ ബാങ്ക്?
- ഉത്തരം : നെടുങ്ങാടി ബാങ്ക്

കേരളത്തിലെ ആദ്യത്തെ ബാങ്ക്?

- ഉത്തരം : നെടുങ്ങാടി ബാങ്ക്

- കേരളത്തിലെ ആദ്യപേപ്പർ മിൽ?
- ഉത്തരം : പുനലൂർ പേപ്പർ മിൽപേപ്പർ മിൽ.

കേരളത്തിലെ ആദ്യ വനിതാ മന്ത്രി?

- ഉത്തരം : കെ. ആർ. ഗൗരിയമ്മ .

# പൗരത്വ ഭേദഗതി ആക്റ്റ്, 2019

1955-ലെ പൗരത്വനിയമത്തിൽ ഭേദഗതി വരുത്തുന്നതാണ് പുതിയ ബിൽ.

ചില രാജ്യങ്ങളിൽനിന്ന് മത വിവേചനം നേരിട്ട് ജീവിതം ദുസ്സഹമായി 2014 ഡിസംബർ

31 ന മുൻപ് ഇന്ത്യയിലെത്തിയ ഹിന്ദു, സിഖ്, പാഴ്സി, ജൈന, ബുദ്ധ, ക്രൈസ്തവ

മതവിഭാഗങ്ങളിൽപെട്ടവർക്ക പൗരത്വാവകാശം നൽകുന്നതാണ് നിർദിഷ്ട നിയമം

മുൻപ് കുറഞ്ഞ 11 വർഷം രാജ്യത്ത് സ്ഥിരതാമസമായവർക്ക മാത്രമാണ് പൗരത്വം നൽകിയിരുന്നത്. എന്നാൽ നിലവിലെ ഭേദഗതി പ്രകാരം ഇത് അഞ്ചു വർഷമായി ചുരുക്കും.

ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള അസം, മേഘാലയ, മിസോറാം, ത്രിപുര എന്നീ ഗോത്ര മേഖലകൾക്കും ഇന്നർ ലൈൻ പെർമിറ്റ് വഴി നിയന്ത്രിക്കുന്ന മേഖലകൾക്കും ബില്ലിലെ ഈ വ്യവസ്ഥകൾ ബാധകമല്ല.

- കേന്ദ്രസർക്കാർ അറിയിച്ച ഏതെങ്കിലും നിയമം ലംഘിച്ചാൽ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ

(ഒസിഐ) കാർഡ് ഉടമകളുടെ രജിസ്ട്രേഷൻ റദ്ദാക്കാമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നു. ഇന്ത്യയിൽ താമസിക്കേണ്ടതിന്റെ കുറഞ്ഞ കാലാവധി 11 വർഷം എന്നതിൽനിന്നും 5 വർഷം ആയി കുറയ്ക്കാൻ ഈ നിയമം അനുവദിക്കുന്നു

.
അത്തരം യോഗ്യതകളിൽ നിന്ന് അതാതു രാജ്യങ്ങളിലെ ഭൂരിപക്ഷമായ മുസ ഈ നിയമം ഒഴിവാക്കുന്നു. ബില്ലിന്റെ ഉടനടി ഗുണഭോക്താക്കൾ രേഖകൾ പ്രകാരം, വെറും 30,000 ആളുകളാണ്

. ഇതാദ്യമായാണ് ഇന്ത്യയിൽ പൗരത്വത്തിന്റെ വ്യവസ്ഥകളിൽ മതപരിഗണന ഉൾപ്പെടുത്തപ്പെടുന്നത്.

**പൗരത്വ (ഭേദഗതി) ബിൽ 2019** ഡിസംബർ 4 ന് അംഗീകരിച്ചു. 2020 ജനുവരി 10 മുതൽ പ്രാബല്യത്തിൽ വന്നു.

ബിൽ പാസാക്കിയത് ഇന്ത്യയിൽ പ്രതിഷേധത്തിന് കാരണമായി. ബില്ലിനെ എതിർക്കുന്ന നിവേദനത്തിൽ ആയിരത്തിലധികം ഇന്ത്യൻ ശാസ്ത്രജ്ഞരും പണ്ഡിതന്മാരും ഒപ്പിട്ടു.
അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അമേരിക്കൻ കമ്മീഷനും ബില്ലിനെ വിമർശിച്ചു.

**ശരത്.എസ്(9 A)**

# Keralam,Gods own Country



**Keralam,Gods own Country**
**But now is in Devil's hand**
**Flood...Flood….made the decision of God**
**how will the olden days be recreated…**

**Kerala,a place of tradition**
**Aplace of brighter and lighter sky**
**wishes the tradition to be stable**

**Golden days of Kerala**
**Floated on the Floody days**
**Olden,Culture and tradition**
**May Flood all over here**


**Let's stand united for colours and flowers**
**Bye to plastics and wastes**
**Let we shine together with**
**festivals,unity and brotherhood**

**NANDHANA PRASAD (10 C)**

# Why Old Is Gold?

**How was our land then?**
**How is it now?What has made it like now?**
**Yes ,it has changed..**
**Everything changed but for what?**

**If it rains,there is water everywhere**
**If it heats,there is hot only**
**And everything is unpredictable now**



**Why is it like this?**
**Who are responsible?**
**Its none other than we..**
**we the humans..we the beast in us..**

**It hard time to think…**
**now it is time to act..**
**Act as there is no tomorrow..**

**SREEDHANYA.S (10 C)**







UPANYAS.S ( 9 A)


നന്ദി